ദീപിക
04 May 2017

# കടലിലും ഇവർ ഒരുമിച്ച്, ദമ്പതികളെ ആദരിക്കുന്നു

**കൊച്ചി:** വിവാഹം കഴിഞ്ഞതു മുതൽ ഒരുമിച്ചു കടലിൽ മത്സ്യബന്ധനത്തിനിറങ്ങി ഉപജീവനം നടത്തുന്ന ദമ്പതികളെ കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) ആദരിക്കുന്നു. തൃശൂർ ജില്ലയിലെ ചേറ്റുവക്കടുത്ത് കുണ്ടഴിയൂർ സ്വദേശികളായ കരാട്ട് കെ.വി. കാർത്തികേയനേയും ഭാര്യ കെ.സി. രേഖയേയുമാണ് ആദരിക്കുന്നത്. നാളെ രാവിലെ 10.30ന് സിഎംഎഫ്ആർഐയിൽ നടക്കുന്ന മത്സ്യത്തൊഴിലാളി-മത്സ്യ കർഷക പ്രതിനിധി സംഗമത്തിൽ കേന്ദ്ര മന്ത്രി സുദർശൻ ഭഗത് ഇരുവരെയും പൊന്നാട അണിയിച്ച് ആദരിക്കും. ഒരുവർഷം നീണ്ടുനിൽക്കുന്ന സിഎംഎഫ്ആർഐയുടെ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുടെ ഭാഗമായാണ് ആദരിക്കൽ ചടങ്ങ്. കടലിൽ ബോട്ടുപയോഗിച്ചു മീൻപിടിത്തം നടത്തുന്ന ഇന്ത്യയിലെ ആദ്യ വനിതയാണു രേഖ. കായൽ മത്സ്യബന്ധനത്തിൽ സ്ത്രീകളുടെ സാന്നിധ്യം നിലവിലുണ്ടെങ്കിലും കടലിൽ മീൻപിടിക്കാൻ സ്ത്രീകൾ പോകുന്നതായി ഇതുവരെ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. ദമ്പതികൾ ഒരുമിച്ചു കടലിൽ മത്സ്യബന്ധനത്തിനിറങ്ങുന്നതു ലോകത്തിൽതന്നെ അപൂർവസംഭവം. മത്സ്യബന്ധനത്തിലൂടെ ലഭിക്കുന്ന വരുമാനം കൊണ്ടാണ് ഈ ദമ്പതികൾ കുട്ടികളുടെ പഠനം നടത്തുന്നതും മറ്റ് ചിലവുകൾ വഹിക്കുന്നതും. നാല് പെൺമക്കളിൽ മൂത്തയാൾ പ്ലസ്ടുവിനു പഠിക്കുകയാണ്. കൂടുകൃഷി നടത്തുന്നതിനുള്ള കാളാഞ്ചി മത്സ്യക്കുഞ്ഞുങ്ങൾ നാളത്തെ ചടങ്ങിൽ കേന്ദ്ര മന്ത്രി ഇവർക്കു സമ്മാനിക്കും. കൃഷി നടത്തുന്നതിനുള്ള കൂട്, അനുബന്ധ സംവിധാനങ്ങൾ, മത്സ്യത്തീറ്റ എന്നിവ ഇതിനകം ഇവർക്കു കൈമാറിയിട്ടുണ്ട്. നാളെ രാവിലെ 10.30ന് തുടങ്ങുന്ന സംഗമത്തിൽ കേന്ദ്ര കൃഷി സഹമന്ത്രി സുദർശൻ ഭഗത് മത്സ്യബന്ധന-കൃഷി മേഖലയിൽ പ്രശ്നങ്ങൾ വിലയിരുത്തുന്നതിനും പരിഹാര നടപടികൾ സ്വീകരിക്കുന്നതിനുമായി മന്ത്രി മത്സ്യത്തൊഴിലാളി-കർഷക പ്രതിനിധികളുമായി ചർച്ച നടത്തും. സിഎംഎഫ്ആർഐയിലെ ശാസ്ത്രജ്ഞരുമായും മന്ത്രി പ്രത്യേക ചർച്ച നടത്തും. രാവിലെ 9.30ന് മ്യൂസിയം സന്ദർശിക്കുന്ന കേന്ദ്ര മന്ത്രി വിവിധയിനം വറ്റ മത്സ്യങ്ങളെ തിരിച്ചറിയുന്നതിനായി സിഎംഎഫ്ആർഐയിലെ ഉപരിതല മത്സ്യ ഗവേഷണ വിഭാഗം പുറത്തിറക്കിയ കൈപ്പുസ്തകം പ്രകാശനം ചെയ്യും


**കടലിൽ ഒരുമിച്ചു മത്സ്യബന്ധനം നടത്തുന്ന ദമ്പതികളായ കെ.വി. കാർത്തികേയനും ഭാര്യ കെ.സി.രേഖയും തങ്ങളുടെ മത്സ്യബന്ധന ബോട്ടിനു സമീപം.**